**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **03-02-2026 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാക്കാൽ പാട്ടം എന്ന പേരിൽ അനധികൃതമായി ഭൂമി കൈമാറ്റം ചെയ്ത് തണ്ടപ്പേര് പിടിച്ച് കരമടച്ചു വരുന്നതായി റവന്യൂ സെക്രട്ടറി എം. ജി. രാജമാണിക്യം സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | മൂപ്പിൽ നായരുടെ പേരിൽ ഉൾപ്പെട്ട 300 ഏക്കറിലധികം ഭൂമി "വാക്കാൽ പാട്ടം" പോലെയുള്ള അനധികൃതമായ കൈമാറ്റം മുഖേനെ തണ്ടപ്പേർ പിടിച്ച് കരം അടച്ച് വരുന്നതായും ചില ഇടപാടുകളിൽ മുൻപ് ടി ഭൂമിയ്ക്ക് കരം അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കുന്ന വ്യക്തികളുടെ പേരിൽ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ അനുവദിച്ചതായി പരാതികൾ ഉയർന്നിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്നു. നികുതി രസീതിന്റെ പകർപ്പുകളുടെ മാത്രം അടിസ്ഥാനത്തിൽ പുതിയ തണ്ടപ്പേരുകൾ അനുവദിച്ചിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് സമർപ്പിക്കുന്നതിനും മൂപ്പിൽ നായർക്കെതിരെ സീലിംഗ് കേസ് എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി ലാൻഡ് ബോർഡ് സ്വീകരിക്കുന്നതിനും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ചു വരുകയാണ്. കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ